എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള ആംബുലൻസ്

218 (5572)ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയ്യൂർ-ചീമേനി പഞ്ചായത്തിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി സാമൂഹ്യക്ഷേമ മിഷൻ അനുവദിച്ച ആമ്പുലൻസിൽ ആവശ്യമായ സജ്ജീകരണങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെട്ടന്ന പതിനൊന്ന് പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിന്മേലാണ് ഓരോ ആംബുലൻസ് വീതം വാങ്ങുന്നതിന് കാസർഗോഡ് ജില്ലാകളക്ടർക്ക് ഫണ്ട് അനുവദിച്ചത്. ആംബുലൻസിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നത് നടത്തിപ്പിന്റെ ഭാഗമായതിനാൽ ആയത് കയ്യൂർ - ചീമേനി പഞ്ചായത്ത് തന്നെ ചെയ്യേണ്ടതാണ്.

കൊയിലാണ്ടിയിൽ തൊഴിൽ പരിശീലന കേന്ദ്രം

219 (5573)ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധർ, വികലാംഗർ എന്നിവർക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഓഫീസിൽ ബി1399/13 നമ്പർ ഫയലിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളിൽ റവന്യൂ വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിലേക്ക് നൽകിയിട്ടുള്ള കത്തുകൾ/കുറിപ്പുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത ഫയലിൽ നടപടികൾ മുന്നോട്ട് പോവുന്നതിൽ നിലവിലുള്ള തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വൃദ്ധജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടേയും പുനഃരധിവാസത്തിനും തൊഴിൽ പരിശീലനത്തിനുമായി തിക്കോടി ലൈറ്റ് ഹൗസിൽ കൈവശമുള്ള (കേന്ദ്ര സർക്കാർ) ഭൂമി സാമൂഹ്യനീതി വകുപ്പിന് വിട്ടുകിട്ടുന്നതിനായി, ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർക്ക് ലാന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയതിലേക്ക് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും മൂടാടി വില്ലേജ് ആഫീസറിൽനിന്ന് ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ആഫീസിലെ B/399/13 നമ്പർ ഫയൽ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ മൂടാടി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തടസ്സമൊന്നുമില്ല. വസ്തു അളന്ന് തിട്ടപ്പെടുത്തി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്

220 (5574) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ ഇനത്തിൽ എത്ര കുട്ടികൾക്ക് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ എങ്കിൽ എത്ര ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത കുടുംബങ്ങളിലെ അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളേയും മേൽ പദ്ധതിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും 1 മുതൽ 7-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കും 2,000 രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3,000 രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 4,000 രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം ടി പദ്ധതിയിലൂടെ നൽകിവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly